(ബി) പ്രസ്തുത പദ്ധതിയുടെ എം.ഒ.യു.-വിലെ വ്യവസ്ഥകളുടെ വിശദാംശം നൽകുമോ ; അല്ലെങ്കിൽ പ്രസ്തുത കരാറിന്റെ കരട് രൂപത്തിന്റെ പകർപ്പ് നൽകുമോ ;

(സി) എന്നുമുതൽ പദ്ധതി ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്*

(ബി) ആഗോള മത്സരാധിഷ്ഠിത ടെണ്ടർ നടന്നതിനാൽ എം.ഒ.യു. ഉണ്ടായിരുന്നില്ല. കരട് കൺസഷൻ കരാർ തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ സോഫ്റ്റ് കോപ്പി അനുബന്ധം II ആയി വച്ചിട്ടുണ്ട്.*

(സി) പദ്ധതി 2015, നവംബർ 1-ന് തുടങ്ങുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

വിഴിഞ്ഞം തുറമുഖ പദ്ധതി

107 (2926) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ കരാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ചെലവ് മൊത്തം എത്രയായിരിക്കുമെന്നും, കരാറുകാരനായ ഗൗതം അദാനിയുടെ കമ്പനി എത്ര കോടി രൂപ സ്വന്തം നിലയിൽ കണ്ടെത്തുന്നുണ്ടെന്നും ബാങ്ക് വഴി അദാനി കണ്ടെത്തുന്ന തുക എത്രയായിരിക്കുമെന്നും വിശദമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യ വികസനം, ഭൂമി വില തുടങ്ങിയവ ഉൾപ്പെടെ പദ്ധതിക്ക് സർക്കാരും-കേന്ദ്ര സർക്കാരും ചേർന്ന് ചെലവഴിക്കുന്ന മൊത്തം തുകയുടെ ഇരുപത് വർഷത്തെ പലിശ എത്ര കോടി രൂപ ആയിരിക്കും ; ഇത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പദ്ധതിയിൽ നിന്നും 20 വർഷത്തിനുശേഷം ലഭിക്കുന്ന ഒരു ശതമാനം വരുമാന വിഹിതം മേൽപ്പറഞ്ഞ പലിശ നൽകുന്നതിന് മതിയാകുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഘടകവും 1463 കോടി രൂപ സർക്കാൽ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്വാട്ടറിന്റെ ഭാഗമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്.

പി.പി.പി. ഘടകത്തിൽ വി.ജി.എഫ്. സ്കീം അനുസരിച്ച് സ്വകാര്യ പങ്കാളിക്ക് 40% വരെ സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" -ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നൽകും (പി.പി.പി. ഘടകത്തിന്റെ 20%).

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ്. (1463+408.9).

പിന്നീട് സംസ്ഥാന സർക്കാർ നടത്തിപ്പ് കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി നിലവിൽ കണക്കാക്കിയതനുസരിച്ച് 1973 കോടി രൂപ ചെലവ് വഹിക്കും.

സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ അതായത് ഏതാണ്ട് 51% തുക പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടിവരും. ഇതിൽ കൺസഷണയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽമുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷണയർക്ക് വായ്പയായി നൽകും (Debt).

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഇത്തരം ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാരുകൾ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിക്കുമെന്ന് പരിശോധന നടത്തിയിട്ടില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി

108 (2927) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കരാർ പ്രകാരം നിലവിൽ വരുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് എത്ര ശതമാനം ഷെയർ ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഷെയർ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതി വികസിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ കമ്പനിയിൽ സർക്കാരിന്റെ റോൾ എന്തായിരിക്കും ; കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ നിയോഗിക്കുന്നത് സർക്കാർ ആയിരിക്കുമോയെന്നറിയിക്കുമോ ;

(സി) പദ്ധതിക്കായി സർക്കാർ ചെലവഴിക്കുന്ന മൊത്തം തുക എത്ര ; ഈ തുകയത്രയും വിനിയോഗിക്കുന്നത് ഏത് നിലയിലായിരിക്കും ; ബിഡ് രേഖകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കരാർ പ്രകാരം സംസ്ഥാന സർക്കാർ തുറമുഖത്തിന്റെ ലൈസൻസറും ലാൻഡ് ലോർഡുമാണ്. അതുകൊണ്ട് പദ്ധതിക്കായി കൺസഷണയർ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തമില്ല. ഇത് പദ്ധതിക്കായി അംഗീകരിച്ച കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാതൃകാ കൺസഷൻ കരാറിന് അനുസൃതമാണ്.

(ബി) പദ്ധതിയുടെ ലൈസൻസറിന്റെയും ലാൻഡ് ലോർഡിന്റെയും റോൾ സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കും. കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ സംസ്ഥാന സർക്കാരല്ല നിശ്ചയിക്കുന്നത്.

(സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി.

LIBRARY ARCHIVES Kerala Legislative Assembly